(ബി) പ്രസ്തുത സ്ഥലം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അനുവദിച്ചു നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ കേരള വാട്ടർ അതോറിറ്റിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ റിപ്പോർട്ട് ലഭിക്കുമ്പോൾ ആയത് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

നേമം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

156 (4959) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 9-7-2015-ൽ ബഹു. ജലവിഭവവകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ആരൊക്കെ പങ്കെടുത്തുവെന്നും യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കയാണെന്നും പ്രസ്തുത തീരുമാനങ്ങളിൽ നടപ്പിലാക്കപ്പെട്ടത് ഏതൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

9-7-2015-ലെ യോഗത്തിന്റെ തീരുമാനങ്ങൾ, പങ്കെടുത്തവരുടെ പേരുവിവരം എന്നിവ അനുബന്ധമായും യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ അനുബന്ധമായും ചേർത്തിരിക്കുന്നു.*

നേമം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

157 (4960) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം നിയോജകമണ്ഡലത്തിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന നേമം, എസ്റ്റേറ്റ്, പൊന്നുമംഗലം, മേലാങ്കോട്, പാപ്പനംകോട്, പുഞ്ചക്കരി, പൂങ്കുളം, വെള്ളാർ, തിരുവല്ലം, കരമന, നെടുങ്കാട്, പുന്നക്കാമുഗൾ എന്നീ വാർഡുകളിലെ ഇടവഴികളിൽ പ്രവേശിക്കുവാൻ കഴിയുന്ന ചെറിയ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തിരുവനന്തപുരം സർക്കിളിന്റെകീഴിൽ കേരള വാട്ടർ അതോറിറ്റിയുടെ 9000 ലിറ്ററിന്റെ 6 ടാങ്കർ ലോറികളും 6000 ലിറ്ററിന്റെ 2 ടാങ്കർ ലോറികളുമാണ് ഉള്ളത്. ഇവ ചെറിയ ഇടവഴികളിൽ കടക്കുവാൻ പ്രയാസം അനുഭവപ്പെടുന്നവയാണ്. അതിനാൽ പ്രസ്തുത ടാങ്കുകൾവഴി ഈ സ്ഥലങ്ങളിൽ കൂടുതൽ വെള്ളമെത്തിക്കുവാൻ നിലവിൽ ബുദ്ധിമുട്ടാണ്.

പേട്ട മുന്നാംമനയ്ക്കൽ-പുള്ളി ലൈൻ ഡ്രെയിനേജ്

158 (4961) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേട്ട മുന്നാംമനയ്ക്കൽ നിന്നും പുള്ളി ലൈൻ വരെയുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) 1985-ൽ ഡ്രെയിനേജ് പൈപ്പിടാൻ കഴിച്ചിട്ടും ഇതുവരെയും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപടികൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പ്രദേശത്ത് ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് റസിഡന്റ്സ് അസോസിയേഷൻ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം പേട്ട മുന്നാംമനയ്ക്കൽ മുതൽ പുള്ളി ലൈൻ വരെയുള്ള ഒന്നര കിലോ മീറ്ററോളം ദൂരത്തിൽ പൈപ്പ്ലൈനുകളും മാൻഹോളുകളും നിലവിലുണ്ട്. 'സി' ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ഒന്നര കിലോമീറ്ററോളം ലൈൻ കൽപ്പക നഗർ പമ്പ്ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലികൾ നടന്നുവരുന്നു. ചാക്ക മുതൽ കൽപ്പക നഗർ പമ്പ്ഹൗസുവരെയുള്ള ട്രങ്ക് മെയിൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുവാദം കിട്ടിയാൽ മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.